**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6827** **21-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഇ-പട്ടയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇ-പട്ടയങ്ങൾ (ഡിജിറ്റൽ) നഷ്ടപ്പെട്ടാൽ പുതിയ പട്ടയം ലഭിക്കുന്നതിന് പ്രയാസമുണ്ടോ; വീണ്ടും ജനങ്ങൾക്ക് ആയതിന്റെ കോപ്പി ഉപയോഗിക്കാൻ സാധിക്കുമോ; | (എ) | നിലവിൽ സംസ്ഥാന ലാന്റ് ബോർഡിന്റെ കീഴിൽ വരുന്ന ലാന്റ് ട്രൈബ്യൂണൽ നൽകുന്ന ക്രമ സർട്ടിഫിക്കറ്റുകൾ മാത്രമാണ് ഡിജിറ്റൽ പട്ടയമായി നൽകി വരുന്നത്. ഇപ്രകാരം നൽകുന്ന ഡിജിറ്റൽ പട്ടയം നഷ്ടപ്പെട്ടാൽ ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട LT ഓഫീസ് മുഖേന യാതൊരു തടസ്സവും കൂടാതെ ലഭിക്കുന്നതാണ്. LA പട്ടയങ്ങൾ ഡിജിറ്റലായി നൽകുന്നതിന് സോഫ്റ്റ്വെയർ ചെയ്യുന്നതിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കി റവന്യൂ IT സെൽ മുഖേന നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | നിലവിൽ പേപ്പറിൽ എഴുതിയിട്ടുള്ള പഴയ പട്ടയങ്ങൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | LT പട്ടയങ്ങൾ നിലവിൽ ഡിജിറ്റലായി നൽകി വരുന്നുണ്ട്. പഴയ പട്ടയങ്ങൾ മാറ്റി നൽകുന്നതിനുള്ള അപേക്ഷ നൽകിയാൽ പട്ടയത്തിന്റെ പകർപ്പ് ഡിജിറ്റലായി നൽകി വരുന്നുണ്ട്. LA പട്ടയത്തിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് അവ ഡിജിറ്റലായി നൽകാവുന്നതാണ്. കീറിയതും മോശമായതുമായ പട്ടയങ്ങൾക്ക് പകരം ഡിജിറ്റൽ പട്ടയങ്ങൾ നൽകുന്നത് പരിഗണിക്കാവുന്നതാണ്. |
| (സി) | കീറിയതും മോശമായതുമായ പഴയ പട്ടയങ്ങൾക്ക് പകരം പുതിയ ഡിജിറ്റൽ പട്ടയങ്ങൾ ലഭിക്കുവാൻ വേണ്ടി അപേക്ഷിക്കുവാൻ സാധിക്കുമോ? | (സി) | LT പട്ടയങ്ങൾ നിലവിൽ ഡിജിറ്റലായി നൽകി വരുന്നുണ്ട്. പഴയ പട്ടയങ്ങൾ മാറ്റി നൽകുന്നതിനുള്ള അപേക്ഷ നൽകിയാൽ പട്ടയത്തിന്റെ പകർപ്പ് ഡിജിറ്റലായി നൽകി വരുന്നുണ്ട്. LA പട്ടയത്തിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് അവ ഡിജിറ്റലായി നൽകാവുന്നതാണ്. കീറിയതും മോശമായതുമായ പട്ടയങ്ങൾക്ക് പകരം ഡിജിറ്റൽ പട്ടയങ്ങൾ നൽകുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ